മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികയുടെ (കാറ്റഗറി നമ്പർ **567/13**) തെരഞ്ഞെടുപ്പിന് 22.11.14-ന് നടത്തിയ ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാധ്യതാ പട്ടിക 25.05.2015-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടവരും, വൺടൈം വെരിഫിക്കേഷൻ മുഖേന ഇതിനോടകം പ്രമാണ പരിശോധന നടത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടില്ലാത്തവരുമായ ഉദ്യോഗാർത്ഥികളുടെ പ്രമാണ പരിശോധന **03.06.2015** മുതൽ **16.06.2015** വരെയുള്ള തിയ്യതികളിലായി (**06.06.2015, 07.06.2015, 13.06.2015, 14.06.2015** എന്നിവ ഒഴികെ) മലപ്പുറം സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പി. എസ്. സി ഓഫീസിൽ വച്ച്. നടത്തുന്നതാണ്. അർഹരായ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലേക്കും, മൊബൈലിലേക്കും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയതു സംബന്ധിച്ച സംശയ നിവാരണത്തിനായി മലപ്പുറം ജില്ലാ പി. എസ്. സി ഓഫീസുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. പ്രമാണ പരിശോധനക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങൾ വ്യക്തമായി സ്കാൻ ചെയ്ത് തങ്ങളുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഈ സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടവരും ഇതിനോടകം വൺടൈം വെരിഫിക്കേഷൻ നടത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളവരുമായ ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ, അവർ നേരിട്ട് ഹാജരാകേണ്ട ആവശ്യം ഉണ്ടെന്ന് കാണുന്ന പക്ഷം പിന്നീട് വ്യക്തിഗത അറിയിപ്പ് നൽകുന്നതാണ്.